# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

16-12-2014ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4014

## വൈദ്യുത മോഷണത്തിനുള്ള പിഴ തുക

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) വൈദ്യുത മോഷണം പിടികൂടി പിഴയിട്ടതിൻ പ്രകാരമുള്ള തുക പൂർണ്ണമായും വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിൽ വരാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വൈദ്യുത മോഷണ പ്രകാരം ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രതിദിനം എത്ര രൂപവരെ പിഴശിക്ഷയായി നിശചയിച്ച നൽകുന്നു; | (ബി) പ്രതിദിനം ഒരു നിശ്ചിത തുക പിഴ ശിക്ഷയായി നിശ്ചയിച്ച് നൽകണമെന്ന പ്രത്യേക നിബന്ധനകളൊന്നും നിലവിലില്ല. പിഴ ശിക്ഷ വളരെ കുറഞ്ഞ ദിവസവും വളരെ കൂടിയ ദിവസവുമുണ്ട്. 2014-ൽ ഇതുവരെ പ്രതിദിനം ശരാശരി പിഴശിക്ഷയായി 1,67,850/- രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (സി) ആയതിൽ എത്ര തുക ബോർഡിന്റെ അക്കൗണ്ടിൽ വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) ടി തുകയിൽ പ്രതിദിനം ശരാശരി 1,42,339/- രൂപ ബോർഡിന്റെ അക്കൗണ്ടിൽ വന്നിട്ടുണ്ട്. |
| (ഡി) പിഴതുക അറിയിച്ച് അയയ്ക്കുന്ന നോട്ടീസുകളിൽ, വിചാരണ കഴിയുമ്പോൾ തുക നാമമാത്രമായി നിശ്ചയിക്കേണ്ടി വരുന്ന സാഹചര്യം വിശദീകരിക്കുമോ? | (ഡി) വൈദ്യുതി നിയമം 2003 സെക്ഷൻ 126 പ്രകാരമാണ് വൈദ്യുതി ദുരുപയോഗം/മോഷണത്തിന് പിഴ ചുമത്തുന്നത്. വൈദ്യുതി മോഷണം/ദുരുപയോഗം പിടിക്കപ്പെട്ടാൽ, ആയത് നടത്തിയത് എന്ന് മുതൽ ആണെന്ന് വ്യക്തമാണെങ്കിൽ ആ തീയതി മുതലും, അതല്ലെങ്കിൽ പരിശോധന നടന്ന ദിവസം മുതൽ പുറകോട്ട് ഒരു വർഷ കാലാവധിയ്ക്കുമാണ് പിഴ തുക കണക്കാക്കുന്നത്. വൈദ്യുതിമോഷണം/ദുരുപയോഗം പിടിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ പരിശോധനവേളയിൽ മതിയായ തെളിവുകളും രേഖകളും ഹാജരാക്കാൻ ഉപഭോക്താവിന് |

| | |
|---|---|
| | കഴിയാതെ വരുമ്പോൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ നിലവിലെ സംവിധാനം അനുസരിച്ച് പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കുന്നു. അസ്സസ്സിംഗ് ഓഫീസർ കൂടിയായ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ പിഴ തുകയ്ക്ക് ഒരു താൽകാലിക ബില്ല് ഉപഭോക്താവിന് നൽകുകയും ടി ബില്ലിൽ എതിർപ്പുണ്ടെങ്കിൽ ഉപഭോക്താവ് ആയത് അസ്സസ്സിംഗ് ഓഫീസറെ അറിയിക്കുകയും ഉപഭോക്താവ് നൽകുന്ന തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ പിഴ തുകയിൽ അസ്സസ്സിംഗ് ഓഫീസർ കുറവ് വരുത്തുകയും ചെയ്യുന്നു. അങ്ങനെ നൽകുന്ന അന്തിമബില്ലിൽ വീണ്ടും പരാതി ഉണ്ടെങ്കിൽ ഉപഭോക്താവിന് അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഉപഭോക്താവിന്റെ പരാതിയിൽ കഴമ്പുണ്ടെങ്കിൽ തന്റെ മുന്നിൽ ലഭിക്കുന്ന തെളിവിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ പിഴ തുകയിൽ വീണ്ടും കുറവു വരുത്തുന്നതിന് അപ്പീൽ അധികാരിക്ക് അധികാരമുണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ